**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5476** **24-03-2025 - ൽ മറുപടിയ്ക്ക്**

**ഐ.ടി. മേഖലയിലെ തൊഴിലവസരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഐ.ടി. മേഖലയിൽ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള എത്ര അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ടെക്നോപാർക്കിൽ 23140 – ഉം, ഇൻഫോപാർക്കിൽ 39200 - ഉം, സൈബർപാർക്കിൽ 2135– ഉം ഉൾപ്പെടെ മൊത്തം 64475 ഐ. ടി. തൊഴിലവസരങ്ങൾ അധികമായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. നിലവിൽ ആകെ ഐ ടി ജീവനക്കാരുടെ എണ്ണം ടെക്നോപാർക്കിൽ 75000 - വും, ഇൻഫോപാർക്കിൽ 72000- വും, സൈബർപാർക്കിൽ 2200 – ഉം ഉൾപ്പെടെ മൊത്തം 149200 ആണ്. |
| (ബി) | പുതിയ ഐ.ടി. പാർക്കുകൾ ആരംഭിക്കുന്നതും നിലവിലുള്ളവ വികസിപ്പിക്കുന്നതും മുഖേന ഐ.ടി. മേഖലയിൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് പദ്ധതിയിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | കേരളത്തിലെ ഐ ടി പാർക്കുകളുടെ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ടെക്നോപാർക്കിൽ 32000 - വും, ഇൻഫോപാർക്കിൽ 100000 - വും, സൈബർപാർക്കിൽ 4500 - ഉം ഐ. ടി. തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ